# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2889** **15/12/2015 ൽ മറുപടിക്ക്**

## ആർ.എം.എസ്.എ പദ്ധതി

ചോദ്യം

മറുപടി

ശ്രീ.കെ.കെ.ജയചന്ദ്രൻ

ശ്രീ.പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ആർ.എം.എസ്.എ പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം യഥാസമയം വിതരണം ചെയ്യാൻ സാധിക്കാനാകാത്ത സാഹചര്യമുണ്ടോ; വിശദീകരിക്കുമോ; | എ) | 2015-16 ലെ ആർ.എം.എസ്.എ യുടെ വാർഷിക പദ്ധതിയിൽ 94 ഹെഡ്മാസ്റ്റർമാർക്കും 561 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് എം.എച്ച്.ആർ.ഡി യുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇവർക്ക് യഥാസമയം ശമ്പളം നൽകിവരുന്നുണ്ട്. ഇതിനുപുറമേ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് ശമ്പളം ലഭിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ഏതെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | ബി) | അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ എം.എച്ച്.ആർ.ഡി അംഗീകാരം ലഭിച്ച തസ്തികകൾക്കുപരിയായി അധിക തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കുള്ള ശമ്പളം സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും നൽകുന്നതിനുവേണ്ടി പ്രസ്തുത സ്കൂളുകളെ മറ്റു സർക്കാർ സ്കൂളുകളെപ്പോലെ പരിഗണിച്ച് ഇവരുടെ ശമ്പളം 'SPARK' സംവിധാനത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ